**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **455** **17.05.2017-** ൽ മറുപടിയ്ക്ക്

## <u>വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി പദ്ധതികൾ</u>

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ആർ രാമചന്ദ്രൻ
ശ്രീ.വി.ആർ.സുനിൽ കുമാർ.

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങൾക്ക് നേരെയുള്ള ശാരീരിക അക്രമങ്ങളും ലൈംഗീക അതിക്രമങ്ങളും ഏറിവരുന്ന സാഹചര്യം വിലയിരുത്തി-യിട്ടുണ്ടോ; | (എ) | ഉണ്ട്. വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്നതും ബന്ധുക്കളുടെയോ അയൽവാസി-കളുടെയോ സാമീപ്യമില്ലാതെ കഴിയുന്ന വൃദ്ധ സ്ത്രീകളാണ് കൂടുതലായി പീഢിപ്പിക്കപ്പെടുന്നത്. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ടവരാണ് പ്രധാനമായും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത്. |
| (ബി) | വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിറുത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300 ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2000 രൂപ ഭക്ഷണത്തിനും 1000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്സിനും, പ്രതിവർഷം 2000 രൂപ വസ്ത്രത്തിനും 1500 രൂപ റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും ഹെയർകട്ടിംഗിന് 600 രൂപയും കണ്ടിജൻസീസിന് 10,000 രൂപയും നല്കി വരുന്നു.<br>കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.<br>പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ.വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് 'മന്ദഹാസം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ 'വയോ |

| | | | |
|---|---|---|---|
| | | | അമൃതം' എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞവർക്ക് 1000/- രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500/- രൂപയുമാണ് നിലവിൽ പെൻഷനായി നൽകി വരുന്നത്, 2017-ലെ ബഡ്ജറ്റിൽ വാർദ്ധക്യകാല പെൻഷൻ 1100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ടു വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നല്കി വരുന്നു. വയോജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതിയിലൂടെ വയോജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര ഗവണ്മെന്റിന്റെ ഗ്രാന്റ് ലഭിക്കുന്നുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 'സായംപ്രഭ' എന്ന പദ്ധതിയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ പോലീസ് സ്റ്റേഷനുകളിലും അതാത് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരുടെ പേരു വിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ 2010 മുതൽ സൂക്ഷിക്കുന്നുണ്ട്. ഇതു കൂടാതെ ജനമൈത്രി ബീറ്റുകൾ പോകുന്ന ഉദ്യോഗസ്ഥർ മുഖാന്തിരം സ്റ്റേഷൻ അതിർത്തിയിൽ തനിച്ച് താമസിക്കുന്ന സ്ത്രീകളുടെയും, പ്രായമായവരുടെയും ക്ഷേമം അന്വേഷിയ്ക്കുകയും അവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നു.<br><br>ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കി-വരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>വയോജനങ്ങൾക്ക് ആരോഗ്യ – സാമ്പത്തിക – സാമൂഹിക – സുരക്ഷിതത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തുകളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കി വരുന്നു. |
| (സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികൾ വയോജന സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ജനറൽ ആശുപത്രികൾ മുതൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വരെ വയോജന സൗഹൃദമാക്കുന്നതിന് ജെറിയാട്രിക് ക്ലിനിക്കുകളും ക്യാമ്പുകളും |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. കൃത്രിമ ശ്രവണസഹായി, കൃത്രിമ ദന്തങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പക്ഷാഘാതമുള്ള-വരുടെ പുനരധിവാസത്തിനായി സ്ട്രോക്ക് റീഹാബിലിറ്റേഷൻ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളിലും സജ്ജീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് ദി എൽഡർലി (NPHCE) പ്രകാരം ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ജെറിയാട്രിക് കെയർ വാർഡ്, ജെറിയാട്രിക് ഒ.പി., ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ഫിസിയോ തെറാപ്പിസ്റ്റുകൾ, കെയർ കോ-ഓഡിനേറ്റർമാർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സർക്കാർവക വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരുടെ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നതിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സർക്കാർവക വൃദ്ധസദനങ്ങളിൽ താമസിക്കുന്നവർക്ക് നിലവിൽ ക്ഷേമപെൻഷൻ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ